# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – പെർഫോമൻസ് ഓഡിറ്റ് - തൃശ്ശൂർ ജില്ല-പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് -2014-15 വർഷത്തെ ഐ.എ.വൈ. പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ കൃത്രിമം നടത്തി എന്ന പരാതി- നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്**

**സ.ഉ. (ആർ. ടി.)നം.1482/2015/തസ്വഭവ തീയ്യതി,തിരുവനന്തപുരം 16.05.2015**

---

**പരാമർശം :-1. ശ്രീമതി മാലതി രാധാകൃഷ്ണൻ, പറപ്പൂക്കര, തൃശ്ശൂർ ജില്ല, സമർപ്പിച്ച തീയതി വയ്ക്കാത്ത പരാതി**

**2. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം പറപ്പൂക്കര ഗ്രാമ പഞ്ചായത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്**

**3. സ.ഉ.(ആർ.ടി) നം. 651/2015/തസ്വഭവ തീയതി തിരുവനന്തപുരം 06.03.2015**

**4. പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് 15.03.2015 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ**

**ഉത്തരവ്**

പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡിൽ സ്ഥിരതാമസക്കാരിയായ ശ്രീമതി മാലതി രാധാകൃഷ്ണന് 2014-2015 ലെ ഐ.എ.വൈ. പദ്ധതിയുടെ ഗ്രാമ സഭാതല ഗുണഭോക്തൃ പട്ടികയിൽ ഒന്നാം സ്ഥാനം ഉണ്ടായിരുന്നതായും എന്നാൽ പ്രസ്തുത പട്ടികയിൽ തന്റെ പേരിന് മുകളിലായി പുതുതായി ഒരു പേരു കൂടി അനധികൃതമായി എഴുതി ചേർത്ത് തന്റെ മുൻഗണന രണ്ടാം സ്ഥാനത്തേക്കും അതുവഴി പഞ്ചായത്തു തല മുൻഗണനാ ലിസ്റ്റിൽ 23 -ാം സ്ഥാനത്തേയ്ക്കും താഴ്ത്തപ്പെടുകയും 2014-2015 വർഷത്തിൽ ഭവനം ലഭിക്കാതെ പോയതായും, കാണിച്ചുകൊണ്ട് ശ്രീമതി മാലതി രാധാകൃഷ്ണൻ സൂചന 1 കത്ത് പ്രകാരം സർക്കാരിൽ പരാതി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീമിനെ

ച്ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി സൂചന 2 പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീമിന്റെ അന്വേഷണത്തിൽ പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് അഞ്ചാം വാർഡിൽ 20.08.2014 ൽ ചേർന്ന ഗ്രാമസഭാ യോഗത്തിന്റെ മിനിട്സ് പ്രകാരം ഐ.എ.വൈ. പദ്ധതിയ്ക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഒന്നാം സ്ഥാനം ശ്രീമതി മാലതി രാധാകൃഷ്ണനായിരുന്നുവെന്നും, ഗ്രാമസഭ അംഗീകരിച്ച പട്ടികയ്ക്ക് മുകളിൽ ശ്രീമതി സുനിത സുന്ദരൻ, നന്തിക്കര ഹൗസ് എന്നയാളുടെ പേര് പുതുതായി എഴുതിച്ചേർത്തതായും കണ്ടെത്തുകയുണ്ടായി. അഞ്ചാം വാർഡ് മെമ്പറായ ശ്രീമതി ...കലയുടെയും, ഗ്രാമസഭാ കോർഡിനേറ്ററായിരുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർ സുധാമണിയുടെയും മൊഴിയിൽ നിന്നും, ഗ്രാമസഭാ തീരുമാനമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഒന്നാം സ്ഥാനം ശ്രീമതി മാലതി രാധാകൃഷ്ണന് ആയിരുന്നെന്ന് വ്യക്തമാവുകയും ശ്രീമതി സുനിത സുന്ദരൻ നന്തിക്കര എന്നയാളുടെ പേര് താൻ തന്നെ എഴുതിച്ചേർത്തതാണെന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പ്രസാദ് തന്നെ സമ്മതിക്കുകയും ചെയ്തതായി റിപ്പോർട്ട് ചെയ്തു.

3. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സർക്കാർ, പഞ്ചായത്ത് പ്രസിഡന്റിനെതിരെ ഉചിതമായ നടപടിയെടുക്കാൻ ബഹു: തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാനോട് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ കൈമാറുന്നതിനും, പഞ്ചായത്ത് സെക്രട്ടറിക്കെതിരായി അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ഗ്രാമസഭാ കോർഡിനേറ്റർ ശ്രീമതി സുധാമണിയെ താക്കീത് ചെയ്യുന്നതിനും, പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയും ശ്രീമതി സുനിത സുന്ദരന് ഭവനം അനുവദിച്ചതിന് ചെലവായ മുഴുവൻ തുകയും പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സംയുക്ത ബാദ്ധ്യതയായി നിശ്ചയിച്ച് തിരിച്ച് പിടിക്കുന്നതിനും, ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ തിരുത്തുവരുത്തിയതു മൂലം ഭവന പദ്ധതിയ്ക്ക് അവസരം നഷ്ടമായ ശ്രീമതി മാലതി രാധാകൃഷ്ണന്റെ കുടുംബത്തിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് 2014-15 വർഷത്തെ ഐ.എ.വൈ. പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി വീടനുവദിച്ച് നല്കുന്നതിനും പരാമർശം (3) മുഖാന്തിരം ഉത്തരവായി.

4. വാഹനാപകടത്തിൽപ്പെട്ട് മരണമടഞ്ഞ ഒരു വ്യക്തിയുടെ വിധവ എന്ന നിലയ്ക്ക് തികച്ചും അർഹതപ്പെട്ടയാൾക്ക് വീടനുവദിച്ച് നല്കുന്നതിനു മാത്രമാണ് ശ്രമിച്ചതെന്നും ആയതിനാൽ സൂചന (3) ഉത്തരവ് പ്രകാരമുള്ള നടപടികൾ പുന പരിശോധിക്കണമെന്നും ആവശ്യപ്പെട്ട് പറപ്പൂക്കര പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നേരിട്ട് കേൾക്കുകയുണ്ടായി.

5. പറപ്പൂക്കര പ്രസിഡന്റിനെ നേരിൽ കേട്ടതിൽ താഴെപ്പറയുന്ന വസ്തുതകളാണ് സമർപ്പിച്ചത്.

a) ഗ്രാമ സഭയിൽ ചർച്ച ചെയ്തതനുസരിച്ച് ഒന്നാം നമ്പർ ആയി തെരെഞ്ഞെടുക്കേണ്ടത് ശ്രീമതി സുനിത സുന്ദറിനെയാണ്. ശ്രീമതി മാലതി രാധാകൃഷ്ണനെ ആയിരുന്നില്ല.

b) ഗ്രാമ സഭയുടെ മിനിട്സ്, ഗ്രാമ സഭ പിരിച്ചുവിടുന്നതിനു മുമ്പ് എഴുതി തയ്യാറാക്കിയിരുന്നില്ല.

c) ശ്രീമതി. സുനിത സുന്ദറിന്റെ പേര് ലിസ്റ്റിൽ 17-മത് ആണെന്ന് കണ്ട് മാറ്റി എഴുതാൻ ഗ്രാമ സഭാ കോ-ഓർഡിനേറ്ററായ ഐ.സി.ഡി.എസ്. സൂപ്പർ വൈസറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് ചെയ്യാൻ അവർ തയ്യാറായിരുന്നില്ല

d) ഈ കാരണത്താൽ പ്രസിഡന്റ് തന്നെയാണ് ഒന്നാമതായി സുനിത സുന്ദറിന്റെ പേര് എഴുതി ചേർത്ത് ലിസ്റ്റ് തയ്യാറാക്കിയത്. സുനിത സുന്ദർ ഒന്നാമതായ കരട് ലിസ്റ്റ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നെങ്കിലും അതിനെതിരെ പരാതി ഒന്നും ലഭിച്ചിരുന്നില്ല. സുനിത സുന്ദർ ബ്ലോക്കുമായി എഗ്രിമെന്റ് വച്ചിരുന്നെങ്കിലും, ഫൗണ്ടേഷൻ പണി പൂർത്തിയാക്കി ഒന്നാം ഗഡുവിന് അപേക്ഷിച്ച സ്ഥിതി എത്തിയപ്പോൾ പരാതി ഉടലെടുത്തതിനാൽ തുക ഒന്നും നല്കിയിട്ടില്ല..

e) സർക്കാർ ഉത്തരവ് അനുസരിച്ച് ശ്രീമതി മാലതി രാധാകൃഷ്ണന് വീട് അനുവദിക്കുവാൻ നടപടി എടുക്കുകയും ഒന്നാം ഗഡു നല്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സർക്കാരിന്റെ നടപടിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

6. നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

i) ഗ്രാമസഭാ മിനിട്സിൽ സ്വയം തിരുത്തൽ വരുത്തിയ പഞ്ചായത്ത് പ്രസിഡന്റിന്റെ നടപടി അംഗീകരിക്കാൻ കഴിയില്ലെങ്കിലും പ്രസ്തുത ഉപഭോക്താവിന് തുക നല്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അനധികൃതമായി നല്കിയെന്ന് സൂചന 3 ലെ ഉത്തരവിൽ പരാമർശിച്ച തുക പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പക്കൽ നിന്നും തിരികെ ഈടാക്കുവാനുള്ള സർക്കാർ തീരുമാനത്തിന് പ്രസക്തിയില്ല. ഉത്തരവിലെ പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതില്ല.

ii) ക്ലേശഘടകങ്ങൾ അനുസരിച്ച് നിയമപ്രകാരം മാർക്ക് നല്കി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയാണെങ്കിൽ ശ്രീമതി. സുനിത സുന്ദറിന് ഭവനം ലഭിക്കാൻ അർഹതയുണ്ടാകുമായിരുന്നു എന്ന് പെർഫോമൻസ് ഹെഡ് ക്വാർട്ടേഴ്സ് ടീമിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല അവർക്ക് വീട് അനുവദിച്ചത് റദ്ദ് ചെയ്യേണ്ടതില്ലെന്നും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ കണക്കിലെടുത്ത പഞ്ചായത്ത് പ്രസിഡന്റിന്റെ നടപടി ദുരുദ്ദേശപരമായിരുന്നില്ലായെന്നതിനാൽ ലിസ്റ്റിൽ തിരുത്തൽ വരുത്തിയത് ഒരു പിഴവായി മാത്രം കണക്കാക്കി ഓംബുഡ്സ്മാന് റഫർ ചെയ്യുവാനുള്ള തീരുമാനവും റദ്ദാക്കാവുന്നതാണ്.

iii) പ്രസിഡന്റ് പേരെഴുതി ചേർക്കുക വഴി വീട് ലഭ്യമായ കുടുംബത്തിന്റെയും, പണി പൂർത്തിയാകാത്ത ഫൗണ്ടേഷന്റെ സ്ഥിതിയും കാണിക്കുന്ന ഫോട്ടോഗ്രാഫ് ഹിയറിംങ് സമയത്ത് പഞ്ചായത്ത് പ്രസിഡന്റ് ഹാജരാക്കുകയുണ്ടായി. കുടുംബാംഗങ്ങളിൽ 3 പേർ രോഗികളും അവശരുമാണ്. ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയിൽ വീടിന്റെ ഫൗണ്ടേഷന്റെ പണി പൂർത്തിയാകാറായ സാഹചര്യത്തിൽ പ്രസ്തുത ഉപഭോക്താവിന് ആനുകൂല്യം നിഷേധിക്കുന്നത് മനുഷ്യത്വപരമല്ല. അതിനാൽ ശ്രീമതി സുനിത

സുന്ദറിനെ ഐ.എ.വൈ. പദ്ധതിയിലോ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റേതെങ്കിലും ഭവന പദ്ധതിയിലോ ഉൾപ്പെടുത്തി വീടിന് ആനുകൂല്യം ലഭ്യമാക്കാനും ശ്രീമതി മാലതി രാധാകൃഷ്ണന്റെയും, ശ്രീമതി സുനിത സുന്ദറിന്റെയും വിവരങ്ങൾ അടുത്തു ചേരുന്ന ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതിനും പ്രസിഡന്റിന് നിർദ്ദേശം നല്കാവുന്നതുമാണ്.

7. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ആഫീസറുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിൽ, ശ്രീമതി സുനിതാ സുന്ദറിന് ഐ.എ.വൈ. പദ്ധതിയിലോ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റേതെങ്കിലും ഭവന പദ്ധതിയിലോ ഉൾപ്പെടുത്തി വീടിന് ആനുകൂല്യം ലഭ്യമാക്കാനും ശ്രീമതി മാലതി രാധാകൃഷ്ണന്റെയും, ശ്രീമതി സുനിത സുന്ദറിന്റെയും വിവരങ്ങൾ അടുത്തു കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമ സഭയുടെ അംഗീകാരം തേടേണ്ടതാണെന്നുമുള്ള ഉപാധിയോടെ, സൂചന 3 പ്രകാരമുള്ള സർക്കാർ ഉത്തരവിലെ തീരുമാനങ്ങൾ റദ്ദ് ചെയ്യും ഗ്രാമസഭാ മിനിട്സ് ബുക്കിലെ തീരുമാനം തിരുത്തുന്നതു പോലെയുള്ള നടപടികൾ മേലിൽ ആവർത്തിക്കരുതെന്ന് പ്രസിഡന്റിന് കർശന താക്കീതു നല്കിയും ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ജയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്, തിരുവനന്തപുരം
സെക്രട്ടറി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് , തൃശ്ശൂർ
പ്രസിഡന്റ്, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് , തൃശ്ശൂർ
സെക്രട്ടറി, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് ,തൃശ്ശൂർ
പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ